11

## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ T: 151 17.06.2013 ൽ മറുപടിക്ക്

### ആധാർ നമ്പറിന്റെ ആവശ്യകത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഏതെല്ലാം സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു വേണ്ടിയാണ് ആധാർ നമ്പർ നിർബന്ധമാക്കിയിട്ടുള്ളത് എന്നറിയിക്കുമോ ; | (എ) ആനുകൂല്യങ്ങൾ ബാങ്ക് വഴി നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) സ്കീമിൽ ഉൾപ്പെടുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ടിലൂടെ നൽകുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ആധാർ നമ്പർ നല്കുന്നത് ഏത് വ്യവസ്ഥ പ്രകാരമാണ് ; | (ബി) ഇന്ത്യൻ പ്ലാനിംഗ് കമ്മീഷൻ ആവിഷ്കരിച്ച സവിശേഷ തിരിച്ചറിയൽ പദ്ധതി (Unique Identification Project-UID) പ്രകാരമാണ് ആധാർ നമ്പർ ഇന്ത്യയിൽ പൗരന്മാർക്ക് നല്കുന്നത്. |
| (സി) പ്രസ്തുത വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ ; | (സി) സവിശേഷ തിരിച്ചറിയൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>I. ഇന്ത്യയിൽ താമസിക്കുന്ന മുഴുവൻ ജനങ്ങൾക്കും, അവരെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങളും, ബയോമെട്രിക് വിവരങ്ങളും ഉൾപ്പെടുത്തി കൊണ്ട് കേന്ദ്ര സർക്കാരിന് വേണ്ടി നൽകുന്ന 12 അക്ക സവിശേഷ തിരിച്ചറിയൽ നമ്പറാണ് ആധാർ. |

II. പ്രായ ലിംഗ ഭേദമെന്യേ ഇന്ത്യയിൽ താമസിക്കുന്ന ഏവർക്കും ആധാർ നമ്പറിന് അർഹതയുണ്ട്.

III. വ്യക്തികളെ തിരിച്ചറിയാൻ ആവശ്യമായ ബയോമെട്രിക് വിവരങ്ങളും,ഡെമോഗ്രാഫിക് വിവരങ്ങളും മേൽവിലാസം തെളിയിക്കുന്ന രേഖ സഹിതം എൻറോളിംഗ് ഏജൻസികൾ മുൻപാകെ വ്യക്തികൾ ഹാജരായി നല്കണം.

IV. ആധാർ നിയമപരമായി നിർബന്ധമാക്കിയ ഒരു പദ്ധതിയല്ല.

V. ആധാർ നമ്പർ ഒരു വ്യക്തിയുടെ പേര് പോലെ ഒരാളെ തിരിച്ചറിയാൻ ഉപയോഗിക്കാം.

| | |
|---|---|
| (ഡി) ആധാർ നമ്പർ രേഖപ്പെടുത്താതെ ആനുകൂല്യങ്ങൾക്കു വേണ്ടി അപേക്ഷ നൽകുമ്പോൾ അവ നിരസിക്കപ്പെടുന്നതായുള്ള സന്ദർഭങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിൻ മേൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ? | ആധാർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല എന്ന ഒറ്റ കാരണത്താൽ സർക്കാർ ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം ഒരു സാഹചര്യം ഒഴിവാക്കുന്നതിനായി കേരളത്തിൽ 100% ആധാർ കവറേജ് സമീപ ഭാവിയിൽ തന്നെ കൈവരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. DBT സ്കീമിലൂടെ നടപ്പാക്കുന്ന പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആധാർ നമ്പർ ഉടൻ ലഭ്യമാക്കുന്നതിന് പ്രത്യേക നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## List of Schemes selected for Phase-II DBT Schemes in Kerala

| Sl.No | Name of Union Ministry/Department | Name of Scheme | State Department | Implementation Officer |
|---|---|---|---|---|
| 1 | Ministry of Social Justice | Post Matric Scholarship for SC Students | SC Department | SC Director |
| 2 | Ministry of Social Justice | Pre Matric Scholarship for SC Students | SC Department | SC Director |
| 3 | Ministry of Social Justice | Post Matric Scholarship for OBCs | SC Department | SC/OBC Director |
| 4 | Ministry of Social Justice | Pre Matric Scholarship for children of those engaged in unclean occupation in Thrissur | SC Department | SC Director |
| 5 | Ministry of HRD | Post Matric Scholarship for ST | Gen Education Department | DPI |
| 6 | Ministry of HRD | National Incentive for the Girls Child for Secondary Education | Gen Education Department | DPI |
| 7 | Ministry of Tribal Affairs | Post Matric Scholarship for ST | ST Department | ST Director |
| 8 | Ministry of Minority Affairs | Merit Cum Mean Scholarship | Higher Education Department | DTE |
| 9 | Ministry of Minority Affairs | Post Matric Scholarship Scheme | Higher Education Department | DCE |
| 10 | Ministry of Minority Affairs | Maulana Azad National Fellowship | | |
| 11 | Ministry of Health &FW | Janani Suraksha Yojana | Health Department | NRHM |
| 12 | M/O Rural Development | Indira Gandhi National Old Age Pension Scheme | Social Welfare Department | Panchayat/Urban Affairs Director |
| 13 | M/O Rural Development | Indira Gandhi National Widow Pension Scheme | Social Welfare Department | Panchayat/Urban Affairs Director |
| 14 | M/O Rural Development | Indira Gandhi National Disability Pension Scheme | Social Welfare Department | Panchayat/Urban Affairs Director |
| 15 | Ministry of Labour & Employment | Scholarship to Children of Beedi Workers (in Kannur & Thrissur) | | |
| 16 | Ministry of Labour & Employment | Housing Subsidy to Beedi Workers (Kannur & Thrissur) | | |
| 17 | M/O Petroleum | LPG SUBSIDY (in Waynad & Pathanamthitta) | Food & Civil Supplies Department | Oil Companies/ Director, Civil Supplies |